പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2964 **29-10-2026-ൽ മറുപടിയ്ക്ക്**

എസ്.എസ്.എൽ.സി. എഴുത്ത് പരീക്ഷയ്ക്ക് മിനിമം മാർക്ക്.

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. പാറക്കൽ അബ്ദുല്ല

മറുപടി നൽകിയ മന്ത്രി

ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

(എ) പത്ത് വർഷത്തിനിടെ 17.36 ലക്ഷം വിദ്യാർത്ഥികൾ എസ്.എസ്.എൽ.സി. എഴുത്തു പരീക്ഷയിൽ മിനിമം മാർക്ക് നേടാതെ ജയിച്ചു എന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ;

മറുപടി: എസ്.എസ്.എൽ.സി. പരീക്ഷയിൽ 2005 മുതലാണ് ഗ്രേഡിംഗ് സമ്പ്രദായവും നിരന്തര മൂല്യനിർണ്ണയവും ഏർപ്പെടുത്തിയത്. ഐ. ടി. ഒഴികെയുള്ള ഓരോ വിഷയങ്ങൾക്കും 50 മാർക്കിനു എഴുത്ത് പരീക്ഷയും 10 മാർക്ക് സി. ഇ. എന്ന രീതിയിലാണ് നടപ്പിലാക്കിയത്. ഓരോ വിഷയത്തിനും വിദ്യാർത്ഥി നേടിയ മാർക്കും ഗ്രേഡും രേഖപ്പെടുത്തിയാണ് സർട്ടിഫിക്കറ്റുകൾ നൽകിയിരുന്നത്. ഇതേ രീതി തന്നെയാണ് 2006 ലെ എസ്.എസ്.എൽ.സി. പരീക്ഷയിലും പിന്തുടർന്നത്. ആകെ 13 പേപ്പറുകൾ ഉണ്ടായിരുന്ന 2005, 2006 വർഷങ്ങളിലെ എസ്.എസ്.എൽ.സി പരീക്ഷക്കു ശേഷം പേപ്പറുകളുടെ എണ്ണം 10 ആക്കി കുറച്ചിരുന്നു. നിലവിൽ 50 മാർക്കിൻ്റെ വിഷയങ്ങൾക്ക് 40 മാർക്ക് എഴുത്ത് പരീക്ഷയിലും 10 മാർക്ക് സി. ഇ. ക്കും, 100 മാർക്കിൻറെ വിഷയങ്ങൾക്ക് 80 മാർക്ക് എഴുത്ത് പരീക്ഷയിലും 20 മാർക്ക് സി.ഇ ക്കും എന്ന രീതിയിൽ ആണ് പരീക്ഷ നടന്നു വരുന്നത്. നിലവിലെ രീതി അനുസരിച്ച് എഴുത്ത് പരീക്ഷയിലും നിരന്തര മൂല്യനിർ ണ്ണയത്തിനും ലഭിക്കുന്ന മാർക്കിന്റെ 30% മാർക്കാണ് എസ്.എസ്.എൽ.സി പരീക്ഷ എഴുതുന്ന ഒരു വിദ്യാർത്ഥി പരീക്ഷ വിജയിക്കുന്നതിനായി നേടേണ്ടത്.

(ബി) എഴുത്ത് പരീക്ഷയിൽ മിനിമം മാർക്കില്ലാതെ നിരന്തര മൂല്യനിർണ്ണയത്തിന്റെ (ഇന്റേണൽ മാർക്ക്) സഹായത്തോടെ പരീക്ഷ പാസാകുന്ന സാഹചര്യം നിലവിലുണ്ടോ;

മറുപടി: ഒരു വിഷയത്തിനു വിജയം ഉറപ്പാക്കുന്നതിന് നിരന്തര മൂല്യനിർണ്ണയത്തിലൂടെയും എഴുത്ത് പരീക്ഷയിലൂടെയും ലഭിക്കുന്ന മാർക്കിന്റെ 30% മാർക്ക് അഥവാ D+ ഗ്രേഡ് ലഭിക്കേണ്ടതുണ്ട്. പ്രസ്തുത രീതിയിൽ ആണ് എസ്.എസ്.എൽ.സി പരീക്ഷകൾ നടന്നു വരുന്നത്.

(സി) എങ്കിൽ മിനിമം മാർക്ക് നിർബന്ധമാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ; വിശദാംശങ്ങൾ നൽകാമോ;

മറുപടി: ഉണ്ട്.

പൊതുവിദ്യാഭ്യാസ (ആർ.സി) വകുപ്പ് 16/08/2024 തിയതിയിൽ പുറത്തിറക്കിയ സ. ഉ (കൈ) നം. 103/2024/പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം 2026-27 അക്കാദമിക വർഷം മുതൽ സബ്ജക്ട് മിനിമം എസ്. എസ്.എൽ.സി പരീക്ഷയിൽ ഏർപ്പെടുത്തുന്നതിനു ഉത്തരവ് നൽകിയിരുന്നു. പ്രസ്തുത ഉത്തരവ് പൊതുവിദ്യാഭ്യാസ (ഡി) വകുപ്പ് 18/09/2026 തീയതിയിൽ പുറത്തിറക്കിയ സ.ഉ (സാധാ) നം. 6667/2026/പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം താൽകാലികമായി മരവിപ്പിച്ചിട്ടുള്ളതാണ്.

(ഡി) മിനിമം മാർക്ക് നിർബന്ധമാക്കിയാൽ വിജയ ശതമാനത്തിൽ വലിയ കുറവ് ഉണ്ടാകാൻ സാധ്യതയുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

മറുപടി: ഉണ്ട്.

വിശദാംശംങ്ങൾ അനുബന്ധമായി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ